14-ാം കേരള നിയമ സഭ

5-ാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5441 24.05.2017-ൽ മറുപടിയ്ക്ക്

# മെഡിക്കൽ വിദ്യാഭ്യാസ പ്രവേശനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.സി. ജോർജ് : | | ശ്രീ. പിണറായി വിജയൻ (മുഖ്യ മന്ത്രി) |
| (എ) 2017 മാർച്ച് മാസം 20-ാം തീയതി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്ത് വച്ച് (മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ) മെഡിക്കൽ വിദ്യാഭ്യാസ പ്രവേശനം സംബന്ധിച്ച് സർവ്വകക്ഷി യോഗം ചേർന്നതിൽ എന്തൊക്കെ തീരുമാനങ്ങൾ എടുത്തിട്ടുണ്ട് ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) & (ബി) | 20.03.2017 തീയതിയിലെ സർവ്വകക്ഷി യോഗത്തിലെ തീരുമാനങ്ങൾ അടങ്ങുന്ന മിനിട്ട്സ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) ഇതിന്റെ മിനുട്സിന്റെ കോപ്പി ലഭ്യമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ

**2017-18 അദ്ധ്യയന വർഷത്തെ മെഡിക്കൽ/ദന്തൽ അണ്ടർ ഗ്രാജ്വേറ്റ് കോഴ്സിലേയ്ക്കുള്ള പ്രവേശനത്തെയും ഫീസ് ഘടനയേയും സംബന്ധിച്ച് കേരള സംസ്ഥാനത്തെ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികളുമായി ബഹു. കേരള സംസ്ഥാന മുഖ്യമന്ത്രി 20.03.2017 ൽ നടത്തിയ ചർച്ചയുടെ നടപടിക്കുറിപ്പ്**

1. ചർച്ച വൈകുന്നേരം 5.55 ന് ആരംഭിച്ചു. മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം ആരോഗ്യ വകുപ്പ് കഴിഞ്ഞ വർഷത്തെ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആമുഖമായി അവതരിപ്പിച്ചു. കഴിഞ്ഞ അദ്ധ്യയന വർഷം (2016-17) അണ്ടർ ഗ്രാജ്വേറ്റ് തലത്തിലുള്ള മെഡിക്കൽ/ദന്തൽ പ്രവേശനത്തിൽ സർക്കാർ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജ് മാനേജ്മെന്റുകളുമായി കരാർ ഉണ്ടാക്കുകയും ടി കരാറിൻപ്രകാരം കേരള സംസ്ഥാനം നടത്തിയ കെ.ഇ.എ.എം (KEAM) പരീക്ഷ പ്രകാരം തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും 50% സീറ്റിൽ സർക്കാർ മെറിറ്റ് സീറ്റുകളിലേക്കുള്ള പ്രവേശനവും, മാനേജ്മെന്റ് സീറ്റിലേയ്ക്കുള്ള പ്രവേശനം കേന്ദ്ര സർക്കാർ നടത്തിയ നീറ്റ് (NEET) പരീക്ഷയിൻ പ്രകാരം തയ്യാറാക്കിയ ലിസ്റ്റിൽ നിന്നുമാണ് നടത്തിയതെന്നും, ഈ അദ്ധ്യയന വർഷവും അത്തരത്തിൽ 50% സീറ്റുകൾ സർക്കാരിന് നൽകാൻ തയ്യാറാണെന്ന് പ്രസ്തുത മാനേജ്മെന്റുകൾ 20.02.2017 -ൽ നടത്തിയ യോഗത്തിൽ അറിയിച്ചതായും ബഹു. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി അറിയിക്കുകയുണ്ടായി. എന്നാൽ ഈ അദ്ധ്യയന വർഷം മുതൽ നീറ്റ് പരീക്ഷ

പ്രകാരം തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ നിന്ന് മാത്രം പ്രവേശനം നടത്തേണ്ടതിനാൽ സ്വാശ്രയ സ്ഥാപനങ്ങളിലെ എല്ലാ സീറ്റും മെരിറ്റ് സീറ്റായി കണക്കാക്കേണ്ടി വരുമെന്നും, അത്തരത്തിൽ കണക്കാക്കുമ്പോൾ ഏതൊക്കെ സീറ്റുകൾ സർക്കാർ/മാനേജ്മെന്റ് സീറ്റുകളായി കരുതണമെന്ന് ഒരു തീരുമാനം ഈ യോഗം എടുക്കണമെന്നും, കൂടാതെ പ്രസ്തുത പ്രവേശന പ്രക്രിയ നടക്കുമ്പോൾ സബ്സിഡി സീറ്റുകൾ(എസ്.സി/എസ്.റ്റി/ഒ.ബി.സി എന്നിവ) നിലനിർത്താൻ കഴിയുമോ എന്ന തീരുമാനവും എടുക്കണമെന്നും ബഹു. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി ആവശ്യപ്പെടുകയുണ്ടായി.

2. നിലവിലെ സാഹചര്യത്തിൽ രണ്ട് തരം ഫീസോടുകൂടിയ സീറ്റ് വിഭജനം (സർക്കാർ മെരിറ്റ്/മാനേജ്മെന്റ്) നടക്കുമെന്ന് തോന്നുന്നില്ലായെന്ന് ബഹു. മുഖ്യമന്ത്രി ചർച്ചയിൽ അറിയിച്ചു.

3. ചർച്ചയിൽ വിവിധ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികൾ താഴെ പറയുന്ന വിവിധ വിഷയങ്ങൾ സർക്കാരിന്റെ പരിഗണനയ്ക്കായി മുന്നോട്ട് വച്ചു.

(എ) നിലവിൽ കോളേജുകൾക്ക് നടത്തിക്കൊണ്ട് പോകാനുള്ള "ചിലവ് കാശ്" പരിഗണിച്ച് വേണം സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലേയ്ക്കുള്ള അണ്ടർ ഗ്രാജ്വേറ്റ് തലത്തിലുള്ള പ്രവേശനത്തിനുള്ള ഫീസ് നിശ്ചയിക്കേണ്ടത്.

(ബി) ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശം അംഗീകരിച്ച് നിലവിൽ നൽകുന്നതുപോലെ പാവപ്പെട്ട കുട്ടികൾക്ക് അവരുടെ പഠന സൗകര്യത്തിനായി സബ്സിഡി നിരക്ക് (cross subsidy) തുടർന്നു കൊണ്ടു പോകുവാൻ സർക്കാർ നടപടികൾ സ്വീകരിക്കണം.

(സി) കേരളത്തിന്റെ അയൽ സംസ്ഥാനമായ തമിഴ് നാട്ടിലെ സർക്കാർ ഈ വിഷയത്തിൽ

സ്വീകരിച്ച നടപടികളുടെ ചുവട് പിടിച്ച് കൊണ്ട് നീറ്റ് പ്രകാരമുള്ള പ്രവേശന പ്രക്രിയയിലെ ദോഷങ്ങൾ പരിഗണിച്ചു കൊണ്ട് കേരള സംസ്ഥാനത്തും ഒരു നിയമ നിർമ്മാണം (നീറ്റിന്റെ അന്തസത്തയെ ബാധിക്കാതെ ഒരു ഓർഡിനൻസ്) നടത്താൻ സർക്കാർ നടപടി സ്വീകരിക്കണം.

(ഡി) ഈ അദ്ധ്യയന വർഷം മുതൽ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലേയ്ക്കുള്ള വിദ്യാർത്ഥികളുടെ ഫീസുകൾ സർക്കാർ നേരിട്ട് സ്വീകരിച്ച് പ്രസ്തുത മാനേജ്മെന്റുകൾക്ക് വീതിച്ച് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും, അത്തരത്തിൽ ചെയ്യുന്നതിലൂടെ പ്രസ്തുത കോളേജ് മാനേജ്മെന്റുകൾക്ക് സ്വയം ഫീസ് നിർണ്ണയിക്കുന്നതിനുള്ള അവസരം ഒഴിവാക്കാമെന്നും, ടി കോളേജ് മാനേജ്മെന്റുകൾ കുട്ടികളുടെ മേൽ നടത്തുന്ന ഫീസിന് വേണ്ടിയുള്ള സമ്മർദ്ദം കുറയുമെന്നും അറിയിച്ചു.

4. എല്ലാപേരും ചർച്ചയിലെ വിഷയത്തിൽ തന്നെ ഊന്നി നിന്ന് സംസാരിച്ചതിന് മുഖ്യ മന്ത്രി നന്ദി രേഖപ്പെടുത്തി. കൂടാതെ ഇപ്പോഴത്തെ സാഹചര്യത്തിൽ നീറ്റ് (NEET) നടപ്പാക്കുമ്പോൾ മെരിറ്റ് പൊതുവിൽ ബാധകമാണെന്നും, മെരിറ്റ് അടിസ്ഥാനത്തിൽ കേരളത്തിലെ സ്വാശ്രയ മാനേജ്മെന്റുകൾക്ക് കീഴിലുള്ള മെഡിക്കൽ/ദന്തൽ കോളേജുകളിൽ പ്രവേശനം ലഭിക്കുന്നതിന് പ്രയാസം വരില്ല എന്നാണ് തോന്നുന്നതെന്നും, ചില സ്വാശ്രയ കോളേജുകളിൽ (Inter-Church Council/Christian Management) ഏകീകൃത ഫീസ് നടപ്പാക്കിയിട്ടുണ്ടെന്നും, എന്നാൽ ഭൂരിഭാഗം സ്വാശ്രയ കോളേജുകളിലും മുൻ അദ്ധ്യയന വർഷങ്ങളിൽ അവലംബിച്ചു വരുന്ന രീതിയിൽ 50% കുട്ടികൾക്ക് സൗജന്യം നൽകിവരുന്ന സമ്പ്രദായം തുടർന്നും കൊണ്ടു പോകുവാൻ കഴിയുമോ എന്നുള്ളതാണ് നിലവിലെ പ്രശ്നമെന്നും ബഹു. മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. ഒരു തരത്തിലുള്ള

സബ്സിഡിയും ബഹു. സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ നടപ്പാക്കാൻ കഴിയില്ലെന്നും, എന്നാൽ പാവപ്പെട്ട കുട്ടികളെ കയ്യൊഴിയാൻ കഴിയില്ലെന്നും, സർക്കാർ വ്യക്തമായ ഒരു നിലപാട് ഈ വിഷയത്തിൽ എടുത്തിട്ടില്ലെന്നും ബഹു. മുഖ്യമന്ത്രി പറയുകയുണ്ടായി. ആയതിനാൽ ഒരു നയപരമായ തീരുമാനം ഈ വിഷയത്തിൽ എടുത്ത് ഒരു നിയമനിർമ്മാണം നടത്തുമ്പോൾ അതിന്റെ സാധുത പരിശോധിച്ചുകൊണ്ടു നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമെന്നും ബഹു. മുഖ്യമന്ത്രി അറിയിച്ചു. നിലവിൽ സ്വാശ്രയ കോളേജുകളുടെ ഫീസ് നിർണ്ണയ സമിതി ഉണ്ടെങ്കിലും, സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജു മാനേജുമെന്റുകളുമായി ഒരു ചർച്ച നടത്തുന്നത് സർക്കാർ പരിഗണിക്കുമെന്നും, ഈ യോഗത്തിൽ രാഷ്ട്രീയ പ്രതിനിധികൾ പരാമർശിച്ച ഈ വിഷയത്തിൽ തമിഴ് നാട് സർക്കാർ സ്വീകരിച്ച നടപടി കേരള സംസ്ഥാനത്ത് നടപ്പാക്കുന്നത് പരിഗണിക്കുവാൻ കഴിയുമോ എന്ന് സർക്കാർ പരിശോധിക്കുമെന്നും, പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ദോഷം വരാതെ എങ്ങനെ ഈ വിഷയത്തിൽ ഒരു വ്യക്തമായ നിലപാട് സ്വീകരിക്കാമെന്ന് സർക്കാർ പരിശോധിക്കുമെന്നും, ആവശ്യമെങ്കിൽ സർക്കാർ വീണ്ടും ഒരു സർവ്വകക്ഷി യോഗം വിളിക്കുന്നത് പരിഗണിക്കുമെന്നും ബഹു. മുഖ്യമന്ത്രി യോഗത്തിൽ അറിയിച്ചു.

5. ചർച്ച വൈകുന്നേരം 6.00 ന് അവസാനിച്ചു.

(signature)
സെക്ഷൻ ഓഫീസർ